**പതിന്നാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1227 02/05/2017 ന് മറുപടിക്ക്

**തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തെരുവു നായ്ക്കളുടെ ആക്രമണത്തിൽ എത്ര പേർ മരണമടഞ്ഞിട്ടുണ്ട്; | എ) 8 പേർ |
| ബി) | ഇത്തരത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്; ഇവ യഥാസമയം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം; | ബി) തെരുവുനായയുടെ ആക്രമണത്തിനിരയായവർക്കും മരണം സംഭവിച്ച- വരുടെ ആശ്രിതർക്കും നഷ്ടപരിഹാരം നൽകുന്നതിനായി ബഹു. സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുവാൻ ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവു പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് ഈ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിനിട യാക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം നടപടികളാണ് തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി പരിശീലനം ലഭിച്ച കുടുംബശ്രീ പ്രവർത്തകർ മുഖാന്തിരം ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം തദ്ദേശസ്ഥാപനങ്ങ- ളിൽ കൃത്യവും സമയബന്ധിതവുമായും നടപ്പിലാക്കി വരുന്നു. ആയതിന്റെ പുരോഗതി യഥാസമയം തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു. കൂടാതെ തെരുവു നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിനായി തെരുവോരങ്ങളിൽ മാലിന്യം വലിച്ചെറി- യുന്നതിനെതിരെ ബോധവൽക്കരണ പരിപാടികളും കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ